LIBRARY ARCHIVES Kerala Legislative Assembly

വിദേശ വായ്പ

121 (2599) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്ത വിദേശ വായ്പകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത വായ്പകൾ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പലിശ, പിഴപ്പലിശ ഇനത്തിൽ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.*

(ബി) അട്ടപ്പാടി വേസ്റ്റ് ലാന്റ് കോംപ്രിഹെൻസീവ് പ്രോജക്ട്, കേരള വാട്ടർ സപ്ലൈ പ്രോജക്ട്, ടെക്നിക്കൽ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, കേരള റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്, സുനാമി എമർജൻസി അസിസ്റ്റൻഡ് പ്രോജക്ട്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, കേരള സുസ്ഥിര നഗര വികസന പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് വേണ്ടിയാണ് വായ്പകൾ എടുത്തിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന വിവിധ വായ്പകളുടെ പലിശ മൊത്തമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് മുഖേനയാണ് തിരിച്ചടവ് നടത്തുന്നത്. ആയതിനാൽ വിദേശ വായ്പകളുടെ പലിശയുടെ തിരിച്ചടവ് എത്രയെന്ന് വേർതിരിച്ച് രേഖപ്പെടുത്തുന്നില്ല. വായ്പകൾ യഥാസമയം അടയ്ക്കുന്നതിനാൽ പിഴപ്പലിശ ഉണ്ടാകുന്നില്ല.

എ. ഡി. ബി. വായ്പ

122 (2600) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി. യിൽ നിന്നും എത്ര കോടി രൂപയുടെ വായ്പ എടുത്തു ;

(ബി) പ്രസ്തുത വായ്പ എന്തിനെല്ലാം വേണ്ടി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പയുടെ തിരിച്ചടവ്, പലിശ തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ;

(ഡി) എടുത്ത തുകയിൽ എന്ത് തുക തിരിച്ചടച്ചുവെന്ന് വെളിപ്പെടുത്തുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.